ടി.എം ഇസാം

# പരസ്യത്തേക്കാൾ സുന്ദരമാവട്ടെ രഹസ്യങ്ങൾ

عَنْ ثَوْبَانَ رضي الله عنه عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَنَّهُ قَالَ : ( لَأَعْلَمَنَّ أَقْوَامًا مِنْ أُمَّتِي يَأْتُونَ يَوْمَ الْقِيَامَةِ بِحَسَنَاتٍ أَمْثَالِ جِبَالِ تِهَامَةَ بِيضًا ، فَيَجْعَلُهَا اللَّهُ عَزَّ وَجَلَّ هَبَاءً مَنْثُورًا . قَالَ ثَوْبَانُ : يَا رَسُولَ اللَّهِ صِفْهُمْ لَنَا جَلِّهِمْ لَنَا ، أَنْ لَا نَكُونَ مِنْهُمْ وَنَحْنُ لَا نَعْلَمُ . قَالَ : أَمَا إِنَّهُمْ إِخْوَانُكُمْ وَمِنْ جِلْدَتِكُمْ وَيَأْخُذُونَ مِنْ اللَّيْلِ كَمَا تَأْخُذُونَ ، وَلَكِنَّهُمْ أَقْوَامٌ إِذَا خَلَوْا بِمَحَارِمِ اللَّهِ انْتَهَكُوهَا)

روى ابن ماجة (4245)

**സൗബാനി(റ)ൽ നിന്ന്. നബി (സ) പറഞ്ഞു: 'എന്റെ സമുദായത്തിൽപെട്ട ചിലരെ എനിക്കറിയാം. തിഹാമ പർവതങ്ങൾ കണക്കെ ശുഭ്രമായ നന്മകളുമായി അന്ത്യദിനത്തിൽ അവർ വരും. അപ്പോൾ അല്ലാഹു അവയെ ധൂളിധൂളിയായി പറത്തിക്കളയും.' സൗബാൻ (റ) ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, അറിയാതെ ഞങ്ങൾ അവരിൽപെട്ടു പോകാതിരിക്കാൻ അവരെ ഞങ്ങൾക്ക് വ്യക്തമായി വർണിച്ചു തന്നാലും.' തിരുമേനി പറഞ്ഞു: 'അവർ നിങ്ങളുടെ സഹോദരന്മാരും നിങ്ങളുടെ വർഗത്തിൽ പെട്ടവരും നിങ്ങളെപ്പോലെ രാത്രി നമസ്കരിക്കുന്നവരുമാണ്. എന്നാൽ മറ്റാരുമില്ലാതെ ഒറ്റക്കായാൽ അല്ലാഹു പവിത്രമാക്കിയ കാര്യങ്ങളെയൊക്കെ അവർ കളങ്കപ്പെടുത്തിക്കളയും" (ഇബ്നുമാജ 4245).**

ഒരു വിശ്വാസിയുടെ ജീവിതത്തിൽ വളരെ പ്രധാനപ്പെട്ടതും അവന്റെ പരലോക വിജയവുമായി ബന്ധപ്പെട്ട ആലോചനയിൽ വളരെ നിർണായകവുമാണ് തനിച്ചിരിക്കുമ്പോൾ അവൻ ദൈവിക കൽപനകളോട് സ്വീകരിക്കുന്ന നിലപാട് എന്ത് എന്നത്. സൃഷ്ടികളിൽ ഒരാൾ പോലും തന്നെ കാണാത്ത, താൻ ചെയ്യുന്ന പാപങ്ങൾ ആരും അറിയില്ല എന്ന് ഉറപ്പുള്ള സ്വകാര്യ സന്ദർഭങ്ങളിലും സ്രഷ്ടാവ് തന്നെ വീക്ഷിക്കുന്നുണ്ട് എന്ന ആത്മീയ ബോധത്തിന്റെ ബലത്തിൽ, തിന്മകളിൽ നിന്ന് മുഖം തിരിച്ച് നന്മകളിൽ വ്യാപൃതരാകാൻ കഴിയുക യഥാർഥ വിശ്വാസികൾക്ക് മാത്രമായിരിക്കും.

നാലു ചുമരുകൾക്കിടയിലെ വാതിലടയുന്ന നേരത്താണ് പിശാച് തന്റെ ഗൂഢതന്ത്രങ്ങളും നൈമിഷികമായ ദുൻയവീ പ്രേരണകളും ധാരാളമായി വിശ്വാസിക്കു മേൽ ഒഴുക്കി വിടാനുള്ള ശ്രമങ്ങൾ നടത്തുക. അത്തരം പരീക്ഷണ സന്ദർഭങ്ങളിൽ വിശ്വാസി ചേർത്തു പിടിക്കുക പിശാചിനെയല്ല, ഏതു ഗൂഢ രഹസ്യവും നന്നായി അറിയാൻ കഴിവുള്ള അല്ലാഹുവിനെയാണ്. രഹസ്യ , പരസ്യ വ്യത്യാസങ്ങൾ ഒന്നും അല്ലാഹുവിന് ബാധകമല്ല. മനുഷ്യൻ രഹസ്യമെന്നും പരസ്യമെന്നും കരുതുന്നതൊന്നും അല്ലാഹുവിന്റെ അടുത്ത് അങ്ങനെയല്ല. ആകാശ ലോകത്ത് രാത്രിയിലും പകലിലും രഹസ്യമായും പരസ്യമായും നടന്നുകൊണ്ടിരിക്കുന്ന ഒരു സംഗതിയും, അത് കടുകുമണിയോളം ചെറുതാണെങ്കിലും, കടലിന്റെ ആഴ

ങ്ങളിൽ ഒളിപ്പിച്ചുവെച്ചതാണെങ്കിലും അല്ലാഹുവിന് ഗോപ്യമല്ല എന്നാണ് ഖുർആൻ സൂചിപ്പിക്കുന്നത്. അതുകൊണ്ടാണ് കവി പാടിയത്

إذا ما خَلَوتَ الدَهرَ يَوماً فَلا تَقُل    خَلَوتُ وَلَكِن قُل عَلَيَّ رَقيبُ

(ജീവിതകാലത്ത് എന്നെങ്കിലും നീ ഏകാന്തനായാൽ ഞാൻ ഏകാന്തനായി എന്ന് നീ പറയരുത്. മറിച്ച് എന്നെ നിരീക്ഷിക്കാൻ ഒരാളുണ്ടെന്ന് പറയുക).

സൃഷ്ടികളിൽ ഒരാളും കാണാതെ സുരക്ഷിതം എന്ന് നമ്മൾ കരുതുന്ന സ്ഥലത്തു വെച്ച് ചെയ്യുന്ന പരമ രഹസ്യമായ കർമം പോലും ബസ്വീർ (എല്ലാം കാണുന്നവൻ) ആയ അല്ലാഹു കാണും. നമ്മുടെ സംസാരം ഒരാളുടെയും കാതുകൾക്ക് കേൾക്കാൻ പറ്റാത്തവിധം പതുങ്ങിയത് ആണെങ്കിലും സമീഅ് (എല്ലാം കേൾക്കുന്നവൻ) ആയ അല്ലാഹു അത് കേൾക്കാതെ പോവില്ല. തൊട്ടടുത്തിരിക്കുന്ന ആളുകൾ പോലും അറിയാതെ ഏറ്റവും രഹസ്യമായി നമ്മൾ ആലോചിക്കുന്നത് പക്ഷേ അല്ലാഹു അറിയും. കാരണം അവൻ അലീം (എല്ലാം അറിയുന്നവൻ) ആണ്. ഈ ബോധത്തോടെ സദാ സമയവും അല്ലാഹുവിന്റെ വിധിവിലക്കുകൾ പാലിക്കുന്നവർക്കാണ് അവൻ പ്രതിഫലം നൽകുക.

ഈ നബിവചനം വളരെ ഗൗരവമുള്ളതാണ്. പർവതം കണക്കെ കർമങ്ങളുമായി ഏറെ പ്രതീക്ഷയോടു കൂടി പരലോകത്ത് അന്ത്യവിചാരണക്ക് എത്തുകയാണ് അവർ. രാത്രി നമസ്കാരക്കാർ വരെ അക്കൂട്ടത്തിലുണ്ട്. പക്ഷേ എന്തൊരു നിർഭാഗ്യം! പർവതം കണക്കെ ഭീമാകാരമായി നിൽക്കുന്ന കർമങ്ങളൊക്കെയും അല്ലാഹു കേവലം ധൂളികളാക്കി മാറ്റുകയാണ്. ഒറ്റ കാരണമാണ് അതിന്  ഈ ഹദീസിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഒറ്റക്കാവുന്ന സന്ദർഭങ്ങളിൽ സമൂഹത്തിന്റെ കൺവെട്ടത്തു വെച്ച് അവർ പ്രദർശിപ്പിച്ചിരുന്ന ധാർമികതയോ സദാചാരമോ ഒന്നും തന്നെ കാണുകയില്ല. അപ്പോഴവർ പിശാചിന്റെ പ്രലോഭനങ്ങൾക്ക് മുന്നിൽ വഴങ്ങിക്കൊടുക്കുന്ന പാപികൾ മാത്രമായിരിക്കും. പരസ്യ സന്ദർഭങ്ങളിൽ ശൈത്വാന്റെ ശത്രുവാകുകയും രഹസ്യ സന്ദർഭങ്ങളിൽ ശൈത്വാന്റെ സുഹൃത്താവുകയും ചെയ്തവർ പരലോകത്തെ  വലിയ മൂലധനം എന്ന് വിശേഷിപ്പിക്കപ്പെട്ട തന്റെ രാത്രി നമസ്കാരം അടക്കമുള്ള ചെറുതും വലുതുമായ മുഴുവൻ നന്മകളെയുമാണ്  നശിപ്പിച്ചു കളയുന്നത്. നിങ്ങളെ ഒരാൾ പോലും കാണുന്നില്ല എന്നാണോ നിങ്ങൾ കരുതുന്നത് എന്ന അല്ലാഹുവിന്റെ ചോദ്യത്തെ അവഗണിക്കുന്നവർ ഗുരുതരമായ പ്രത്യാഘാതമാണ് നേരിടാൻ പോകുന്നത്. കാരണം ന്യായാധിപന്മാരുടെ ന്യായാധിപനായ അല്ലാഹു  കാണുന്നുണ്ട് എന്നറിഞ്ഞിട്ടും തെറ്റുചെയ്യാനുള്ള ലജ്ജയില്ലായ്മ കൂടിയാണല്ലോ ഇത്. മനുഷ്യരാരും സാക്ഷികളായി ഇല്ല എന്ന്  ഉറപ്പു വരുത്തിയ ശേഷം വളരെ രഹസ്യമായി ചെയ്യുന്ന തെറ്റുകൾക്കു പോലും അല്ലാഹുവിന്റെ കോടതിയിൽ സാക്ഷികൾ ഉണ്ടാവും. തെറ്റുകാരന്റെ കാൽ സംസാരിക്കും, കണ്ണുകൾ അവനെതിരെ സാക്ഷി നിൽക്കും, സ്വന്തം തൊലികൾ പോലും അവനെതിരെ തിരിയും. ഇതൊക്കെ ഖുർആൻ പറയുന്നതാണ്. ആരും നിങ്ങൾക്കെതിരെ സാക്ഷ്യം വഹിക്കില്ല എന്ന് നിങ്ങൾ കരുതിയോ എന്ന് അല്ലാഹു മനുഷ്യനോട് ചോദിക്കുന്ന അവസരം കൂടിയാണത്.

وَلَٰكِن ظَنَنتُمْ أَنَّ اللَّهَ لَا يَعْلَمُ كَثِيرًا مِّمَّا تَعْمَلُونَ

(എന്നാൽ നിങ്ങൾ ചെയ്യുന്ന പലതും അല്ലാഹു അറിയുന്നില്ല എന്ന ധാരണയിലായിരുന്നു നിങ്ങൾ).

അല്ലാഹു എല്ലാ രഹസ്യങ്ങളും അറിയുന്ന സൂക്ഷ്മ ജ്ഞാനി ആണ് എന്ന ഉറച്ച ബോധമായിരുന്നു പ്രവാചകന്മാരുടെയും പ്രവാചക അനുചരന്മാരുടെയും ഈമാനിന്റെ രഹസ്യം.  ഇബ്റാഹീം നബിയുടെ പ്രാർഥന, رَبَّنَا إِنَّكَ تَعْلَمُ مَا نُخْفِي وَمَا نُعْلِنُ (ഞങ്ങളുടെ റബ്ബേ... തീർച്ചയായും ഞങ്ങൾ മറച്ചുവെക്കുന്നതും പരസ്യമാക്കുന്നതും എല്ലാം നീ അറിയും) എന്നായിരുന്നല്ലോ.

റസൂൽ (സ) പതിവാക്കിയ ദുആകളിലൊന്ന് ഇങ്ങനെ: للهم اجعل سريرتي خيرا من علانيتي  (അല്ലാഹുവേ എന്റെ രഹസ്യങ്ങൾ എന്റെ പരസ്യങ്ങളേക്കാൾ മികച്ചതാക്കണേ...). റസൂലിന്റെ അനുചരന്മാരും അവരുടെ രഹസ്യ ജീവിതം പരസ്യ ജീവിതത്തേക്കാൾ നന്നാക്കിയവരായിരുന്നു. അവർ തങ്ങളുടെ നന്മകളാണ് മറച്ചുവെച്ചതെങ്കിൽ നമ്മൾ നമ്മുടെ തിന്മകൾ മറച്ചുവെക്കാനാണ് ശ്രമിക്കുന്നത്. അബൂബക്ർ (റ) മരണകിടക്കയിലായിരിക്കെ, ഖിലാഫത്തിന്റെ അടുത്ത ഉത്തരവാദിത്തം ഉമറി(റ)നെ ഏൽപ്പിക്കാനായി ജനങ്ങളോട് അഭിപ്രായം ആരാഞ്ഞു. 'അദ്ദേഹത്തിന്റെ രഹസ്യ ജീവിതം പരസ്യ ജീവിതത്തേക്കാൾ മികച്ചതാണ്' എന്നായിരുന്നു ഉമറിനെ കുറിച്ച പൊതു അഭിപ്രായം. നാളെ പരലോകത്ത് അല്ലാഹുവിന്റെ തണൽ അല്ലാത്ത മറ്റൊരു തണലും ഇല്ലാത്ത വേളയിൽ ആ തണൽ കരസ്ഥമാക്കുന്ന ഏഴ് വിഭാഗങ്ങളിൽ മൂന്നു കൂട്ടർ തങ്ങളുടെ സ്വകാര്യ ജീവിതത്തിൽ അല്ലാഹുവിനെ ഭയന്നവരാണ്. സമ്പന്നയും സുന്ദരിയുമായ ഒരു സ്ത്രീ വ്യഭിചാരത്തിനായി ക്ഷണിച്ചപ്പോൾ ഞാൻ അല്ലാഹുവിനെ ഭയക്കുന്നു എന്ന് പറഞ്ഞ ആൾ, ഇടതു കൈ പോലും അറിയാതെ വലതു കൈ കൊണ്ട് സ്വദഖ ചെയ്തവർ, ഒറ്റക്കിരുന്നു വളരെ രഹസ്യമായി അല്ലാഹുവിനെ ആലോചിച്ച് കണ്ണീർ പൊഴിച്ചവർ....ഇവരാണ് ആ മൂന്ന് കൂട്ടർ.

ജീവിതത്തിന്റെ രഹസ്യങ്ങളിലും പരസ്യങ്ങളിലും  ഒരുപോലെ അല്ലാഹുവിനെ ഓർക്കുന്നവനാണ് യഥാർഥ വിശ്വാസി. പരസ്യമായി ചെയ്ത നന്മകൾ ഒരിക്കലും രഹസ്യമായി തിന്മ ചെയ്യാനുള്ള ന്യായമല്ല. നമ്മുടെ രഹസ്യ ജീവിതം പരസ്യ ജീവിതത്തേക്കാൾ സുന്ദരമാണോ എന്നത് നമ്മൾ നമ്മെ തന്നെ കീറിമുറിച്ച് ആത്മപരിശോധന നടത്തി ഉത്തരം കണ്ടെത്തേണ്ട ചോദ്യമാണ്. ●